വിധിവിശ്വാസം; വിശ്വാസിക്ക് എന്തൊരാശ്വാസം !

അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി
പ്രിൻസിപ്പൽ, ദാറുൽ അർഖം അൽ ഹിന്ദ് , തിരുവനന്തപുരം

മനുഷ്യ ജീവിതത്തിന് സന്തോഷവും സമാധാനവും നൽകാൻ ഉപകരിക്കുന്ന വിശ്വാസകാര്യങ്ങളും കർമങ്ങളുമാണ് അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ളത്. അത് നേരാംവണ്ണം അറിഞ്ഞ് ഉൾക്കൊള്ളുന്ന വ്യക്തിക്ക് തീർത്തും സമാധാനവും ആശ്വാസവും ലഭിക്കുക തന്നെ ചെയ്യും. ഒരാൾക്ക് ഐഹികവും പാരത്രികവുമായ സമാധാനം നേടിയെടുക്കാൻ ഉൾക്കൊണ്ടിരിക്കേണ്ടതായ സുപ്രധാന വിശ്വാസ കാര്യങ്ങളിൽ ഒന്നാണ് വിധിവിശ്വാസം.

വിധി എന്നതിന് 'ഖദ്ർ', 'ഖദാഅ്' എന്നിങ്ങനെ രണ്ട് പദങ്ങൾ പ്രയോഗിക്കുന്നതായി കാണാം. രണ്ടിനും ഒരേ അർത്ഥം തന്നെയാണ് എന്ന് മനസ്സിലാക്കലാണ് നല്ലത്. എന്നാൽ രണ്ടിനും വേറെ വേറെ നിർവ്വചനങ്ങളും വിവരണങ്ങളും നൽകപ്പെട്ടതും കാണാൻ കഴിയും.

'ഖദ്ർ' എന്നതിനെ അല്ലാഹു ഈ പ്രപഞ്ചത്തിൽ നടക്കുന്നതിന് തീരുമാനിച്ച്, ഉദ്ദേശിച്ച് രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ, അതായത് അല്ലാഹുവിന്റെ അറിവും തീരുമാനങ്ങളും എന്ന് നിരവചിക്കാം. അതായത് ഓരോ വസ്തുവിനെയും സംബന്ധിച്ച് അല്ലാഹു നേരത്തെ അവന്റെ ലൗഹുൽ മഹ്ഫൂദിൽ (സംരക്ഷിത ഫലകത്തിൽ) രേഖപ്പെടുത്തപ്പെടുത്തിയ അവന്റെ അറിവ്.

ഖദാഅ് എന്നതിനെ സൃഷ്ടികൾ അവരുടെ ഉദ്ദേശാനുസരണം അല്ലാഹു നേരത്തെ അറിഞ്ഞു തീരുമാനിച്ചത് പ്രവർത്തനപഥത്തിൽ കൊണ്ടുവരുന്നത് എന്നും നിർവചിക്കാം. ഇത് റബ്ബിന്റെ ധാരാളം വചങ്ങളിൽ തന്നെ നമുക്ക് കണ്ടെത്താൻ കഴിയും. വിശ്വാസകാര്യങ്ങളിൽ വളരെ സുപ്രധാനമായ ഒന്നാണ് വിധിയിലുള്ള വിശ്വാസം.

ജിബ്‌രീൽ(അ) നബി(സ്വ) യോട് എന്താണ് വിശ്വാസം എന്ന് ചോദിച്ചപ്പോൾ നൽകിയ മറുപടി ഇപ്രകാരം നമുക്ക് തിരുവചനങ്ങളിൽ കാണാം:

أن تؤمن بالله، وملائكته، وكتبه، ورسله، واليوم الآخر، وتؤمن بالقدر (البخاري)

''നീ അല്ലാഹുവിലും അവന്റെ മലക്കുകളിലും കിതാബുകളിലും റസൂലുമാരിലും അന്ത്യനാളിലും ഖദ്റിലും (വിധിയിലും) വിശ്വസിക്കലാണ്.''

വിധിയിൽ വിശ്വസിക്കാത്തവൻ വിശ്വാസിയാവുകയില്ല എന്നും നമുക്ക് ഹദീസുകളിൽ കാണാം.

لا يؤمن عبد حتى يؤمن بالقدر خيره وشره (الترمذي)

''നന്മയും തിന്മയും വിധിയാണെന്ന് വിശ്വസിക്കുന്നതുവരെ ഒരാളും വിശ്വാസിയാവുകയില്ല'' (തിർമിദി)

അല്ലാഹുവിന്റെ ദാസന്മാർ

ഐഹികവും പാരത്രികവുമായ സമാധാനം പ്രാപിച്ചുകൊണ്ട് ജീവിക്കണം എന്നതാണ് ജഗന്നിയന്താവും സംരക്ഷകനുമായ അല്ലാഹു ഉദ്ദേശിക്കുന്നത്, വിശുദ്ധ ക്വുർആൻ ഈ കാര്യം മാനവരുടെ മുന്നിൽ ഉണർത്തുകയും ചെയ്തിട്ടുണ്ട്.

وَاللَّهُ يَدْعُو إِلَىٰ دَارِ السَّلَامِ

''അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു'' (യൂനുസ് 25)

എന്നാൽ ഇന്ന് വളരെയേറെ തെറ്റിദ്ധരിക്കുകയും പ്രയാസങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒന്നാണ് വിധി വിശ്വാസം എന്ന് തെറ്റായിട്ടാണ് പ്രചരിക്കപ്പെട്ടിരിക്കുന്നത്.

അല്ലാഹു പ്രപഞ്ചത്തിന് നിശ്ചയിച്ചിട്ടുള്ള രഹസ്യമാണ് ക്വദ്റിലുള്ള വിശ്വാസം. വക്രതയില്ലാത്ത മനുഷ്യ ബുദ്ധിയും വിശുദ്ധ ക്വുർആനും പ്രവാചക അധ്യാപനങ്ങളും മുസ്ലിം സമൂഹത്തിന്റെ ഏകകണ്ഠേനയുള്ള അഭിപ്രായങ്ങളും അതിൽ നമുക്ക് കണ്ടെത്താൻ സാധിക്കും.

അല്ലാഹു ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിന് അമ്പതിനായിരം കൊല്ലങ്ങൾക്ക് മുമ്പുതന്നെ ലോകത്തിന് അനിവാര്യമായ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം പ്രവാചകൻ(സ്വ) നമ്മെ അറിയിച്ചിട്ടുണ്ട്. അതിനാൽ കാര്യങ്ങൾ മനസ്സിലാക്കുന്നിടത്ത് അവ്യക്തത ഉണ്ടായിക്കഴിഞ്ഞാൽ, അതല്ലെങ്കിൽ യഥാർഥ സ്രോതസ്സിൽനിന്നല്ലാതെ കാര്യങ്ങൾ കേട്ടു കേൾവിക്കനുസരിച്ച് സ്വീകരിക്കുകയും ഉൾക്കൊള്ളുകയുമാണ് ചെയ്യുന്നതെങ്കിൽ അത് മനുഷ്യനെ നന്മയിലേക്കും സമാധാനത്തിലേക്കും എത്തിക്കുകയില്ല. .

അല്ലാഹുവിന്റെ, കാല വ്യത്യാസമില്ലാത്ത അതിസൂക്ഷ്മമായ അറിവും യുക്തിയും ഉദ്ദേശ്യവും അവയുടെ രേഖപ്പെടുത്തലും അതിനനുസരിച്ച് മാത്രം കാര്യങ്ങൾ സംഭവിക്കുന്നു എന്നതും ക്വദ്റിനെ (വിധിയെ) സംബന്ധിച്ച് പഠിക്കുമ്പോൾ നാം അംഗീകരിച്ചേ മതിയാകൂ.

പ്രപഞ്ചത്തിൽ നമുക്ക് കാണാൻ കഴിയുന്നതും അല്ലാത്തതും അനുഭപ്പെടുന്നതുമെല്ലാം മേൽ പറയപ്പെട്ട വ്യവസ്ഥകൾക്കനുസരിച്ച് മാത്രമാണ് സംഭവിക്കുന്നത്. ഇക്കാര്യം റസൂൽ(സ്വ)യിലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

كَتَبَ اللَّهُ مَقَادِيرَ الخَلَائِقِ قَبْلَ أَنْ يَخْلُقَ السَّمَوَاتِ وَالأَرْضَ بِخَمْسِينَ أَلْفَ سَنَةٍ (مسلم)

''അല്ലാഹു സൃഷ്ടികളുടെ എല്ലാ രഹസ്യങ്ങളും ആകാശഭൂമികളുടെ സൃഷ്ടിപ്പിന്ന് അമ്പതിനായിരം കൊല്ലങ്ങൾക്ക് മുമ്പ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്'' മുസ്ലിം

ക്വദ്റിലുള്ള വിശ്വാസം സത്യവിശ്വാസികൾക്ക് ആശ്വാസമാണ്

'ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ ഏതെങ്കിലും ആപത്ത് ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്,) നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ് ' ഹദീദ് 22, 23

അല്ലാഹുവിന്റെ ഈ ഒരു വചനം വിശ്വാസികൾക്ക് എന്തുമാത്രം ആശ്വാസവും സമാധാനവുമാണ് നൽകുന്നത്! ഒരാൾ വിധിയിൽ വിശ്വസിക്കുമ്പോൾ അവന് കൂടുതലായി അല്ലാഹുവിലേക്ക് അടുക്കുവാനും അവനിൽ പ്രതീക്ഷയർപ്പിച്ച് തന്റെ ജീവിതവിജയം ഭദ്രമാക്കുവാനുമുള്ള അവസരമാണ് ലഭിക്കുന്നത്. തന്റെ മനസ്സിന്റ താല്പര്യങ്ങൾക്ക് അനുഗുണമായ വിധത്തിലുള്ള വിഭവങ്ങളോ സാഹചര്യങ്ങളോ തനിക്ക് അനുകൂലമല്ലാതെ വരുമ്പോൾ എല്ലാത്തിന്റെയും കേദാരം അല്ലാഹുവിങ്കലാണ് എന്ന് മനസ്സിലാക്കിയ വ്യക്തി അവനോട് കൂടുതൽ അടുക്കുവാനും അവനിൽ നിന്ന് കാര്യങ്ങൾ ചോദിച്ചു വാങ്ങുവാനും അവസരം ഉണ്ടാക്കുന്നു, അതും അവന് ഗുണകരമാണ്.

അതോടൊപ്പം തനിക്ക് ഏതു വിധേനയുള്ള അനിഷ്ടകരമായ വിഷയങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമ്പോഴും ഇതിലും എനിക്ക് നന്മയുണ്ട് ഞാൻ ക്ഷമിക്കുവാനും സഹിക്കുവാനും ബാധ്യസ്ഥനാകുന്നു എന്ന മനസ്സും അതിലൂടെ അവന്ന് നന്മകളും പ്രതിഫലവും നേടിയെടുക്കുവാൻ അവസരം ഒരുക്കുകയാണ് ചെയ്യുന്നത്.

വിധിയിലുള്ള വിശ്വാസം ഒരിക്കലും അല്ലാഹു മനുഷ്യനോട് ക്രൂരത കാണിക്കുന്നവനാണ് എന്ന് പഠിപ്പിക്കുവാനല്ല. അല്ലാഹു അവനെ സംബന്ധിച്ച് പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്:

''അല്ലാഹു തന്റെ അടിമകളോട് ഒട്ടും അനീതി കാണിക്കുന്നവനല്ല'' (അൻഫാൽ 51)

തനിക്ക് അനിഷ്ടകരമായ കാര്യങ്ങൾ സംഭവിക്കുമ്പോഴും വിശ്വാസികൾ അക്ഷമരാകുവാനോ പൊറുതികേട് കാണിക്കുവാനോ പാടില്ല. ഒരുവേള അത് തന്റെ അശ്രദ്ധയും പക്വതയില്ലായ്മയും കൊണ്ടാണെന്ന് അവന്ന് ബോധ്യപ്പെടണം.

നബി(സ്വ) പറയുന്നത് കാണുക:

احرص على ما ينفعك، واستعن بالله ولا تعجز، وإن أصابك شيء فلا تقل: لو أني فعلت كان كذا وكذا، ولكن قل: قدر الله وما شاء فعل، فإن (لو) تفتح عمل الشيطان". (رواه مسلم).

''നിനക്ക് ഉപകാരപ്പെടുന്നത് നീ ആഗ്രഹിക്കുക; ശേഷം അല്ലാഹുവിൽ

പ്രതീക്ഷയർപ്പിച്ച് അവനിൽ നിന്നും സഹായം തേടുക, ഒരിക്കലും അശക്തത കാണിക്കരുത്. ഇനി എന്തെങ്കിലും പ്രയാസം നേരിട്ടാൽ തന്നെ അല്ലാഹുവിന്റെ വിധിയാണ്, അവൻ നമുക്കത് ഉദ്ദേശിച്ചിട്ടില്ല, എന്നു പറയുക. ഞാൻ ഇങ്ങനെ പ്രവവർത്തിച്ചിരുന്നെങ്കിൽ ഒരിക്കലും ഇത് സംഭവിക്കുമായിരുന്നില്ലഎന്ന് നീ പറയരുത്. തീർച്ചയായും (??) അങ്ങനെ ചെയ്തിരുന്നെങ്കിൽ (??) എന്നത് പിശാചിന്ന് ഇടം നൽകലായിരിക്കും' മുസ്‌ലിം

മനുഷ്യന്റെ അസ്വസ്ഥതകൾ ഇല്ലായ്മ ചെയ്യാൻ റസൂൽ(സ്വ) യുടെ ഈ വചനം തീർത്തും മതിയാകും.

എന്തിനും നേരത്തെ പ്ലാൻ ഉണ്ടാകണം, ആവശ്യത്തിന് മാത്രം ആഗ്രഹിക്കണം, നേടാൻ തന്റെ കഴിവുകൾക്കും യോഗ്യതകൾക്കുമപ്പുറം റബ്ബിന്റെ സഹായം വേണം, എങ്ങനെയായിരിക്കും കലാശിക്കുക എന്ന് അറിയില്ല. എല്ലാം റബ്ബിന്റെ കദ്റിന് അനുസരിച്ച് മാത്രമെ നടക്കൂ എന്നതിൽ ഉറച്ച് നിൽക്കണം, തെറ്റിക്കാൻ പിശാച് ശ്രമിക്കും. അതിന് അവസരം കൊടുക്കരുത്. ഇത് ഉൾക്കൊണ്ട വിശ്വാസി എന്തിന് അസ്വസ്ഥനാകണം? എല്ലാം റബ്ബിന്റെ നിയന്ത്രണത്തിൽ മാത്രം;

'(നബിയേ,) പറയുക: കാര്യമെല്ലാം അല്ലാഹുവിൻെറ അധീനത്തിലാകുന്നു'. (ആലു ഇംറാൻ 154)

വിധിയെ സംബന്ധിച്ച് വിശദമായി പഠിക്കുക, ഉൾക്കൊള്ളുക, ഇഹപര സൗഭാഗ്യവും സമാധാനവും നേടിയെടുക്കുക. റബ്ബ് അനുഗ്രഹിക്കട്ടെ - ആമീൻ.